"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വിലങ്ങാട് ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാര തുക അനുവദിക്കുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.21/2025/DMD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:- കോഴിക്കോട് ജില്ലാകളക്ടറുടെ 24/12/2024 ലെ DCKKD/4523/2022-F1 നമ്പർ കത്ത്

**ഉത്തരവ്**

വിലങ്ങാട് ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാര തുക അനുവദിക്കുന്നതിനായി ആകെ 9,96,870/- രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കോഴിക്കോട് ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലങ്ങാട് ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാര തുക അനുവദിക്കുന്നതിനായി ആകെ 9,96,870/- രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-115-99 F-Assistance to farmers to clear salt and silt എന്ന ശീർഷകത്തിൽ നിന്ന് കോഴിക്കോട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഡയറക്ടർ , കൃഷി വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 10-01-2025 17:30:19
സെക്ഷൻ ഓഫീസർ